കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറെറടുത്ത് നടത്തുന്ന വർക്കുകൾ

* 149 [151] ശ്രീ. നാലകത്തു സൂപ്പി:

,, എ.വി. അബ്ദുറഹിമാൻഹാജി:

,, എം.പി.എം. ഇസഹാക്ക്കുരിക്കൾ:

,, കെ. പി. രാമൻ:

,, പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇപ്പോൾ എത്ര വർക്കുകൾ ഏറെറടുത്ത് നടത്തുന്നുണ്ട്;

(ബി) ഇതിൽ സംസ്ഥാനത്തിന് വെളിയിൽ എത്ര വർക്കുകൾ ഏറെറടുത്ത് നടത്തുന്നുണ്ട്;

(സി) ഇപ്പോൾ ഈ സ്ഥാപനം വിദേശ രാജ്യങ്ങളിൽ വല്ല വർക്കുകളും ഏറെറടുത്ത് നടത്തുന്നുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ):

(എ) 66 (അറുപത്തിയാറ്)

(ബി, സി) ഇല്ല.

ഹരിജൻ കോളനികളിൽ കുടിവെള്ളം എത്തിക്കാൻ കേന്ദ്രസഹായം

* 150 [152] ശ്രീ. പന്തളം സുധാകരൻ:

,, കെ.സി. ജോസഫ്:

,, കെ.എസ്. നാരായണൻ നമ്പൂതിരി:

,, കെ.കെ. ശ്രീനിവാസൻ:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി കുഴൽ കിണറുകൾ കുഴിയ്ക്കാനുള്ള സമഗ്രമായ പദ്ധതിക്ക് ഇൻഡ്യാ ഗവൺമെൻറ് ധനസഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ, ബി) ഹരിജൻ/ഗിരിജൻ കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് മാത്രമായി കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രത്യേക ഒരു പദ്ധതി ഇല്ല. എങ്കിലും കേന്ദ്രഗവൺമെൻറ് പ്രശ്നഗ്രാമങ്ങളിൽ ശുദ്ധജലവിതരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ത്വരിത

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം ഹരിജൻ/ഗിരിജൻ കോളനികളിൽ കുഴൽ കിണറുകൾ കുഴിച്ചു കുടിവെള്ളം എത്തിക്കുന്നതിനായി രൂപം കൊടുത്ത രണ്ട് പദ്ധതികൾക്ക് കേന്ദ്ര ഗവൺമെൻറ് ധനസഹായം നൽകുന്നുണ്ട്.

402 പ്രശ്നഗ്രാമങ്ങളിലെ ഹരിജൻ/ഗിരിജൻ കോളനികളിൽ 1318 കുഴൽ കിണറുകൾ കുഴിക്കുന്നതിന് 1984–85ൽ 329.50 ലക്ഷം രൂപ മതിപ്പ് ചെലവ് ഉള്ള ഒരു പദ്ധതിക്കും 594 പ്രശ്നഗ്രാമങ്ങളിൽ 1512 കുഴൽ കിണറുകൾ കുഴിക്കുന്നതിനും 302.40 ലക്ഷം രൂപ മതിപ്പ് ചെലവുള്ള മറൊരു പദ്ധതിക്ക് 1985–86ലും കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും നടപ്പിലാക്കുവാനുള്ള ചെലവ് മുഴുവൻ കേന്ദ്ര ഗവൺമെൻറ് സഹായമായി നൽകുന്നതാണ്.

ആദ്യത്തെ പദ്ധതി പ്രകാരം ഹരിജൻ കോളനികളിൽ 1318 കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. രണ്ടാമത്തെ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൈപ്പുകൾ ഏറെടുക്കാത്ത സംഭവം

* 151 [154] ശ്രീ. സി. വാസുദേവമേനോൻ:
,, സി.പി. മുസ്സാൻകുട്ടി:
,, ജി. വരദൻ:
,, സി.ടി. കൃഷ്ണൻ:
,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല–മലിന ജല അതോറിറ്റി ഓർഡർ നൽകിയതിൻ പ്രകാരം അയച്ച പൈപ്പുകൾ ഏറെടുക്കാത്ത സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ഇങ്ങനെ വരുത്തിയ പൈപ്പുകൾ ഏറെടുക്കാത്തതുമൂലം റയിൽവേ തുച്ഛമായ വിലയ്ക്ക് ലേലം ചെയ്തുവെന്നറിയുന്നത് ശരിയാണോ;

(സി) എങ്കിൽ എവിടെയെല്ലാം ഇതുമൂലം അതോറിറ്റിക്കോ കേരള സർക്കാരിനോ നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) കൽക്കത്തയിലെ ക്രൈമാക്സ് പൈപ്പ് കമ്പനിക്ക് ജല–മലിനജല അതോറിറ്റിയുടെ കോട്ടയം സ്റ്റോർ ഡിവിഷൻ നൽകിയ പൈപ്പിനുള്ള ഓർഡർ ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരമായിരുന്നുവോ;

(ഇ) എങ്കിൽ ഓർഡർ പ്രകാരം ഈ കമ്പനി അയച്ച പൈപ്പ് സ്വീകരിക്കാതിരുന്നതിൻെറ കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly